File No.FWLD-D2/217/2019-FWLD

17619
10/10/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - അഗസ്ത്യാർകൂട സന്ദർശനം- സന്ദർശകരിൽ നിന്നും സീസണിൽ/ഓഫ് സീസണിൽ ഈടാക്കുന്ന ഫീസ് ഇനത്തിൽ നിന്നും ലഭിക്കുന്ന വരുമാനം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.383/2019/വനം തീയതി,തിരുവനന്തപുരം, 25/09/2019

---

പരാമർശം:- 1 സ.ഉ(സാധാ) നം.08/2013/വനം തീയതി, 04/01/2013.

2

സ.ഉ(സാധാ) നം.05/2019/വനം തീയതി, 04/01/2019.

3 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 04/03/2019 തീയതിയിലെ WL 6-16257/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

അഗസ്ത്യാർകൂട സന്ദർശനത്തിന് സന്ദർശകരിൽ നിന്നും ഈടാക്കുന്ന ഫീസ് നിരക്ക് സീസണിൽ 1000/- രൂപയായും, ഓഫ് സീസണിൽ 2000/- രൂപയായും നിശ്ചയിച്ചും ഇപ്രകാരം ട്രക്കിങ് ഫീസ് ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ 2/3 ഭാഗം സർക്കാരിലേയ്ക്കും 1/3 ഭാഗം ഇ.ഡി.സിയ്ക്കും നൽകുുവാനും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, സീസണിലെ വരുമാനത്തിന്റെ അതേ അനുപാതം ഓഫ് സീസണിലും തുടർന്നാൽ ആയത് ഇ.ഡി.സിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്നും ഓഫ് സീസണിൽ ഈടാക്കുന്ന തുകയിൽ പ്രവേശനഫീസായ 15 രൂപ സർക്കാരിലേയ്ക്കും ബാക്കി തുക ഇ.ഡി.സി യ്ക്കും നൽകി വന്നിരുന്ന രീതി തുടരണമെന്നുംമാവശ്യപ്പെട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺ സർ വേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (3) പ്രകാരം സർക്കാരിൽ ശുപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അഗസ്ത്യാർകൂട സന്ദർശനത്തിന് സന്ദർശകരിൽ നിന്നും ഈടാക്കുന്ന ഫീസിന്റെ 2/3 ഭാഗം സർക്കാരിലേയ്ക്കും 1/3 ഭാഗം ഇ.ഡി.സിയ്ക്കും നൽകുന്നതിനുള്ള ഉത്തരവ് ശിവരാത്രി/സീസണിൽ മാത്രമായി നിജപ്പെടുത്തിയും, ഓഫ് സീസണിൽ നിലവിലെ രീതിയായ, പ്രവേശന ഫീസായ

15 രൂപ സർക്കാരിലേക്കും ബാക്കി തുക ഇ.ഡി.സിയ്ക്കും എന്ന രീതി നിലനിർത്തികൊണ്ടും പരാമർശം (2) സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുൾഫിക്കർ റഹ്മാൻ.എ**
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,

കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വൈർഡൻ, കേരള, തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യമല ബയോസ്ഫിയർ പ്രോജക്റ്റ്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ